**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2739** **12-07-2022 - ൽ മറുപടിയ്ക്ക്**

**പനമരം ട്രൈബൽ ഓഫിസിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ .സി .ബാലകൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പനമരം ട്രൈബൽ ഓഫീസിലെ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ അന്വേഷണത്തിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയെന്നും ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ? | (എ) | റിപ്പോർട്ടിൽ കണ്ടെത്തിയ ഗുരുതര ക്രമക്കേടുകൾ ചുവടെ പറയുന്നു.<br><br>1. പനമരം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിനു കീഴിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കാത്ത വീടുകൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയതിലൂടെ സർക്കാരിന് 41,82,500/- രൂപയുടെ നഷ്ടത്തിനിടയാക്കി.<br>2. പട്ടികവർഗ്ഗ ഭവന നിർമ്മാണത്തിന്റെ ആദ്യ ഗഡു തുക തെറ്റായി അനുവദിച്ചും 5 ഗുണഭോക്താക്കളുടെ കൈയ്യിൽ നിന്നും 52,500/- രൂപ വീതം ആകെ 2,62,500/- രൂപ തിരികെ ശേഖരിച്ച് സർക്കാർ പണം സ്വകാര്യ അക്കൗണ്ടിൽ സൂക്ഷിച്ചു.<br>3. ആശിക്കും ഭൂമിയെന്ന പദ്ധതി ഉൾപ്പെട്ട ഭൂമിയിൽ നിന്ന് കരാറുകാരന് അനധികൃതമായി മരം മുറിച്ച് പണം കൈക്കലാക്കുന്നതിന് സൗകര്യമൊരുക്കി.<br>4. ഭവന നിർമ്മാണ മാർഗ്ഗ നിർദ്ദേശത്തിന് അനുസരിച്ച് ഒരു ഗഡു അനുവദിക്കേണ്ടയിടത്ത് കൂടുതൽ ഗഡു തുക മുൻകൂറായി അനുവദിച്ചു. ഇത്തരത്തിൽ 11,55,000/- രൂപ ക്രമപ്രകാരമല്ലാതെ അനുവദിച്ചു.<br><br>മേൽ വിഷയങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിശോധിച്ച് ബഹു. മുഖ്യമന്ത്രി തലത്തിൽ ഫയൽ സമർപ്പിച്ച് വിജിലൻസ് അന്വേഷണത്തിന് തീരുമാനം കൈക്കൊണ്ട് ആയത് തുടർനടപടികൾക്കായി 21.02.2022-ൽ വിജിലൻസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ